*⇨ ഇടത് വലതു മുന്നണികൾ മാറിമാറി വരുമ്പോഴുണ്ടാകുന്ന വികസനാഘാതത്തിന് ഒരേ ആഴം ⇨*

**നമ്മുടെ** നാടും പുരോഗമിക്കുകയാണെന്ന വ്യാമോഹപ്രതീതിയിൽ മുകളിൽനിന്ന് ഇടിച്ചിറങ്ങുന്ന വികസനവും അത് സൃഷ്ടിക്കുന്ന ലാഭനഷ്ടങ്ങളുമെല്ലാം എത്രയോ അനുഭവിച്ചറിഞ്ഞവരാണ് മലയാളികൾ. എന്താണ് വികസനം? ഒരു സംസ്ഥാനത്തിന്റെ മൊത്തം ഉൽപ്പാദനം, പ്രതിശീർഷവരുമാനം, പ്രതിശീർഷ ഉപയോഗം ഇതൊക്കെയാണോ? അതല്ല. മനുഷ്യജീവിതത്തിനും പ്രകൃതിക്കും സുരക്ഷിതത്വവും സ്വാതന്ത്ര്യവും നൽകുക, ജീവിതനിലവാരം മെച്ചപ്പെടുക(ആർഭാടമാക്കുകയല്ല) ഇതൊക്കെയല്ലേ യഥാർത്ഥ വികസനം. ഇത് കാണാതെ മധ്യവർഗ-ഉപരിവർഗ ജീവിതത്തിന്റെ ആധിപത്യമുറപ്പിക്കുന്നതിന് വൻകിട കോർപ്പറേറ്റുകളുടെയും വിദേശകമ്പനികളുടെയും വ്യവസായങ്ങളെ വരവേൽക്കലായി മാറി നമ്മുടെ നാട്ടിൽ വികസനം. ഒറ്റപ്പെട്ട ചില കാര്യത്തിൽ വ്യത്യാസമുണ്ടാകാമെങ്കിലും ഇടത് വലതു മുന്നണികൾ മാറിമാറി വരുമ്പോഴുണ്ടാകുന്ന വികസനാഘാതത്തിന് ഒരേ ആഴമായിരുന്നു. മു

# വികസന ബദലെന്ന കള്ളവും പഠന കോൺഗ്രസും

പുതിയ കാലത്തെ വികസനമാതൃക തയ്യാറാക്കുന്നതിന് വേണ്ടി സി.പി.എം സംഘടിപ്പിച്ച നാലാമത് അന്താരാഷ്ട്ര പഠന കോൺഗ്രസ് ഒരു ഇടതുപക്ഷ ബദൽ വികസനപ്രതീതിയെങ്കിലും സൃഷ്ടിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു

**പി.എം. ജയൻ**

തലാളിത്തസങ്കൽപ്പത്തിന് വിരുദ്ധമായി ജനത്തിന്റെ ഇച്ഛയ്ക്കൊത്തുള്ള ബദൽ വികസനമാണ് നടപ്പാക്കുന്നത് എന്നാണ് ഇടതുപക്ഷം അവകാശവാദമുന്നയിക്കാറെങ്കിൽ ദേശീയ- അന്തർദേശീയ മുതലാളിത്തവിസനസങ്കൽപ്പത്തോട് ഒട്ടിനിന്ന് ഇവിടെ വികസനം കരുപ്പിടിപ്പിക്കുന്നതാണ് വലതുപക്ഷരീതി. എന്നാൽ ആഗോളവൽക്കരണകാലം വന്നണഞ്ഞതോടെ രണ്ടു മുന്നണികളുടെയും വികസനസമീപനത്തിൽ വേർതിരിവെന്തെന്ന് മനസ്സിലാക്കാൻ പറ്റാതെ തർക്കവിതർക്കത്തിൽ കിടന്ന് വിയർക്കുകയാണ് ജനം. ജനത്തിന്റെ പേരിൽ നടപ്പാക്കുന്ന ചതിയായി മാറി ഇന്ന് വികസനമെന്ന വാക്കിന്റെ അർത്ഥംതന്നെ. ജനം യഥാർത്ഥവികസനത്തിന്റെ ശത്രുവല്ലെങ്കിലും വാക്കിലും പ്രവർത്തിയിലും രാഷ്ട്രീയപ്രസ്ഥാനങ്ങൾ വെച്ചുപുലർത്തുന്ന അന്തരവും ചതിയും ഏറെ കാലമായി അനുഭവിച്ചവർ വികസനത്തെ ഭയപ്പാടോടെയാണ് കാണുന്നത്. ഈയൊരു പശ്ചാത്തലത്തിലാണ് പുതിയ കാലത്തെ വികസനമാതൃക തയ്യാറാക്കുന്നതിന് സി.പി.എം അതിന്റെ നാലാമത് അന്താരാഷ്ട്ര പഠനകോൺഗ്രസ് തിരുവനന്തപുരത്ത് നടത്തിയതിനെ കാണുന്നത്. യാതൊരു വികസനസംവാദങ്ങൾക്കും അവസരം കൊടുക്കാത്ത രാഷ്ട്രീയപാർട്ടികൾക്കിടയിൽ ഇന്നും അത്തരം വേദികൾ ഒരുക്കുന്നു എന്നത് സി.പി.എമ്മിനെ വേറിട്ടതാക്കുന്നതാണ്. ഇതര രാഷ്ട്രീയപാർട്ടികളിൽനിന്ന് വ്യത്യസ്തമായി ഭിന്നലൈംഗിക

➪ വികസനമാമാങ്കത്തിന്റെ ഇരകളും അവരുടെ നിരവധി സമരങ്ങളും കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ കേരളം കണ്ടു ➪



വിഷയം ചർച്ച ചെയ്യുന്നതിന് പ്രത്യേക സെഷൻതന്നെ ഇത്തവണ പഠനകോൺഗ്രസിൽ ഉണ്ടായി. എന്നിരിക്കിലും പാർട്ടിയുടെ കേന്ദ്രീകരണസ്വഭാവത്തിന്റെ അപ്രമാദിത്വം സംവാദങ്ങളെയും ചർച്ചകളെയും എത്രമാത്രം സ്വീകരിക്കുമെന്നറിയില്ല. വികസനത്തിന്റെ പേരിൽ വൻസാമ്പത്തിക താൽപര്യത്തോടെ ഒളിയജണ്ടകൾ എത്രയോ നടപ്പാക്കിയ ചരിത്രം സി.പി.എമ്മിനുള്ളതിനാൽ പഠനകോൺഗ്രസ് വെറും കോൺഗ്രസായി മാറിയെന്നതാണ് യാഥാർത്ഥ്യം. വിവിധ സെഷനുകളിലായി 20 സെമിനാറുകളാണ് നടന്നത്. അതെല്ലാം ഗഹനമായി പഠിച്ച് വിലയിരുത്താൻ വിദഗ്ധർ തയ്യാറാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇരുമുന്നണികളും കേരളത്തിൽ നടപ്പാക്കിയ വികസനമാമാങ്കത്തിന്റെ ഇരകളും അവരുടെ നിരവധി സമരങ്ങളും കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ കേരളം കണ്ടു. അത് മാലിന്യത്തിന്റെ പേരിലും കുടിയിറക്കിന്റെ പേരിലും ഖനനമാഫിയയുടെ പേരിലുമായി നീണ്ടുകിടക്കുകയാണ്. അതിനെയെല്ലാം പരിഗണിച്ചുകൊണ്ടാണോ പഠനകോൺഗ്രസിലെ ചർച്ചകളെന്ന് ചോദിച്ചാൽ അത്തരം വിഷയത്തെ വേണ്ടത്ര അഭിമുഖീകരിച്ചിട്ടില്ല എന്നതാണ് സത്യം. വേറൊന്ന് ഇടതുഗവൺമെന്റുകൾ നേരത്തെ നടപ്പാക്കിയ മുതലാളിത്ത–കോർപ്പറേറ്റ് താൽപര്യത്തെയും അതുവഴിയുണ്ടായ വികസനപ്രവർത്തിയെയും സ്വയം വിചാരണയ്ക്ക് വിധേയമാക്കുകയോ അതിനെ എതിർക്കുയോ ചെയ്തിട്ടില്ല. ഒരു ഇടതുപക്ഷ ബദൽ വികസനപ്രതീതിയെങ്കിലും പഠനകോൺഗ്രസ് സൃഷ്ടിച്ചിട്ടുണ്ടോ എന്നതാണ് പരിശോധനവിഷയം.

എന്ത് നല്ല കാര്യത്തിന് തുടക്കമിടുമ്പോഴും ഗണപതി പൂജ നടത്തുക എന്നത് ഹിന്ദുമതവിശ്വാസികളുടെ ഏർപ്പാടാണ്. അതുപോലെ കോർപ്പറേറ്റ് വ്യവസായി അദാനിയെ പൂജിച്ചുകൊണ്ടാണ് പഠനകോൺഗ്രസിന് തുടക്കമിട്ടതെന്ന് ആരെങ്കിലും പരിഹസിച്ചാൽ അവരെ കുറ്റം പറയാനാകില്ല. പഠനകോൺഗ്രസിന് മുന്നോടിയായി തിരുവനന്തപുരത്ത് പിണറായി വിജയൻ വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിലെ പ്രഖ്യാപനം അതിനെ സാധൂകരിക്കുന്നു. ഇടത് സർക്കാർ അധികാരത്തിൽ വന്നാൽ വിഴിഞ്ഞം കരാറുമായി മുന്നോട്ട് പോകുമെന്നാണ് പിണറായി പറഞ്ഞത്. മോഡിയുടെ സ്വന്തം വ്യവസായി എന്ന് വിളിപ്പേരുള്ള അദാനിക്ക് യു.ഡി.എഫ് സർക്കാർ വിഴിഞ്ഞം കൈമാറുകയായിരുന്നു. ഒരു കാലത്ത് ഈ പദ്ധതിക്കുവേണ്ടി നിലകൊണ്ടതിന്റെ ഭാരം തലയിലുള്ളതിനാൽ അതിനെ സി.പി.എം എതിർത്തില്ല. പ്രത്യേകിച്ച് പൊതുമേഖലയിലോ സർക്കാർ നേരിട്ടോ നടപ്പാക്കാതെ പദ്ധതി സ്വകാര്യവ്യക്തിയെ ഏൽപ്പിക്കുന്നത് കണ്ടിട്ടും തെരുവിലൊരു മുദ്രാവാക്യം പോലും അതിനെതിരെ വിളിച്ചില്ല. ചില ചെറുസംഘടനയെപ്പോലെ കേരളശാസ്ത്ര സാഹിത്യ പരിഷത്ത് ആധികാരികമായി പദ്ധതിക്കെതിരെ രംഗത്തുവന്നിരുന്നു.'തുറമുഖപദ്ധതിയുടെ പാരിസ്ഥിതികവും സാമ്പത്തികവും സാമൂഹികവുമായ ദൂരവ്യാപക പ്രത്യാഘാതങ്ങൾ സംബന്ധിച്ച് ഇപ്പോൾ കൂടുതലായി ലഭിക്കുന്ന വിവരങ്ങൾക്കൂടി പരിഗണിച്ചുകൊണ്ട് കേരളത്തിന്റെ സുസ്ഥിര വികസനത്തിൽ കാര്യമായ ഒരു പങ്കും വഹിക്കാനില്ലാത്ത വിഴിഞ്ഞം തുറമുഖപദ്ധതി ഇന്നത്തെ നിലയിൽ മുന്നോട്ടുകൊണ്ടുപോകരുത് എന്നും പദ്ധതി ഉപേക്ഷിക്കണമെന്നും' തുടക്കത്തിൽതന്നെ അവർ പറയുന്നു (http://www.kssp.in/

content/vizhinjam) വൈകിയ വേളയിലെങ്കിലും ഈ തട്ടിപ്പ് പദ്ധതിയിൽനിന്ന് സി.പി.എം പിന്മാറുമെന്ന് കരുതിയവരെയാണ് പിണറായി ഞെട്ടിച്ചത്. പഠനകോൺഗ്രസിൽ അവതരിപ്പിച്ച പേപ്പറുകൾ പലതും തയ്യാറാക്കിയതും പരിപാടിയുടെ വിജയത്തിനായി ഇരുമെയ് മറന്ന് തോമസ് ഐസക്കിന് താങ്ങായി നിന്നതും പരിഷത് ആയിരിക്കെ തുടക്കത്തിൽതന്നെ കലമുടക്കുന്ന പണി പാർട്ടിമുൻസെക്രട്ടറി സ്വീകരിച്ചു. പഠനകോൺഗ്രസിലെ ബദൽ വികസനചർച്ചകളെതന്നെ അസാധുവാക്കികൊണ്ടും ഹൈജാക്ക് ചെയ്തുകൊണ്ടുമാണ് പിണറായി വിഴിഞ്ഞം പദ്ധതികാര്യത്തിൽ നിലപാട് കടുപ്പിച്ചത്.

വിഴിഞ്ഞമടക്കമുള്ള പദ്ധതികൾ ഒരിക്കലും സ്വകാര്യമേഖലയിൽ തുടങ്ങരുതെന്ന ജന.സെക്രട്ടറി സീതാറാം യച്ചൂരിയുടെ പാർട്ടി നിലപാടിനെപോലും മാനിക്കാതെയാണ് പിണറായി ഇങ്ങനെ തീരുമാനമെടുത്തത്.(പദ്ധതിയിൽ ഒപ്പുവെക്കുംവരെ യാതൊരു പ്രതിഷേധവും അറിയിക്കാത്തവർ ഇപ്പോൾ പറയുന്നത് മുൻസർക്കാർ പദ്ധതി തുടരുകയല്ലാതെ വഴിയില്ലെന്നാണ്. ഇത് ശുദ്ധതട്ടിപ്പാണ്).

തുടക്കം മുതൽ ഒടുക്കംവരെ വൈരുധ്യങ്ങളാൽ സമ്പന്നമായിരുന്നു കോൺഗ്രസ് എന്നതാണ് അവിടെനിന്നുള്ള ചില റിപ്പോർട്ടുകൾ(ഗതാഗതം, കൃഷി, പരിസ്ഥിതിയും സുസ്ഥിരി വികസനവും...)പരിശോധിച്ചപ്പോൾ മനസിലാക്കാൻ കഴിഞ്ഞത്. പഠനകോൺഗ്രസിൽ പിണറായി നടത്തിയ പ്രസംഗത്തിലുമുണ്ടായി ബദൽ ഇടതുവികസനസങ്കൽപ്പത്തെ അപ്രസക്തമാക്കുന്ന ഒട്ടേറെ കാഴ്ചപ്പാടുകൾ. “അതിവേഗം വളരുന്ന കേരളത്തെയാണ് ലക്ഷ്യമാക്കേണ്ടതെന്ന്” പറഞ്ഞാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്.(‘അതിവേഗം ബഹുദൂര’മെന്നാണ് ഉമ്മൻചാണ്ടിയുടെ മുദ്രാവാക്യമെന്നോർക്കണം) “ആധുനിക കാലത്തിന് വേണ്ട വ്യവസായ വികസനമാണ് കേരളത്തിന് ആവശ്യം. അത്തരം വ്യവസായങ്ങൾക്കും സംരംഭകർക്കും ആവേശപൂർവം കടന്നുവരാനുള്ള ഇടമായി കേരളത്തെ മാറ്റണം. വ്യവസായങ്ങൾക്കും വ്യവസായ സംരംഭകർക്കും പ്രയോജനകരമാകുന്ന വിധത്തിൽ ഏകജാലക സംവിധാനം വേണമെന്നും” പറഞ്ഞ അദ്ദേഹം തിരുവനന്തപുരത്തുനിന്ന് കാസർഗോട്ടേക്ക് ആറു മണിക്കൂർകൊണ്ട് എത്താൻ കഴിയുന്ന അതിവേഗപാതയുടെ ആവശ്യകതയെക്കുറിച്ചും ഓർമിപ്പിച്ചു. ന്യായമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കികൊണ്ട് ജനങ്ങളിൽനിന്ന് സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുകയും റോഡ് വികസിപ്പിക്കുകയും പുതിയവ നിർമിക്കുകയും വേണം എന്നാണ് ഈ പ്രസംഗത്തിന്റെ വെബ്സൈറ്റ് റിപ്പോർട്ട്. മുൻസർക്കാറുകൾ ഉപേക്ഷിച്ച എക്സ്പ്രസ് ഹൈവെ എന്ന പിടിവാശി തന്നെയാണ് ഇവിടെ ധ്വനിപ്പെടുന്നത്. “അതിവേഗ പാതയെന്ന് പിണറായി പറഞ്ഞത് എക്സ്പ്രസ് ഹൈവെയെക്കുറിച്ചല്ലെന്നും അത് അതിവേഗഹൈവെയും റെയിലുമാകാം എന്നൊക്കെയുള്ള അഴകൊഴമ്പൻ വിശദീകരണവുമായി തോമസ് ഐസക് പിന്നീട് പ്രത്യക്ഷപ്പെട്ടു. റെയിൽ എന്നത് നിലവിലുള്ള റെയിലല്ലെന്നോർക്കണം. 2005ലെ പഠനകോൺഗ്രസിലും അതിവേഗ റിയിലിനെക്കുറിച്ച് സി.പി.എം പറഞ്ഞതാണ്. ജനവാസകേന്ദ്രത്തിലൂടെ, വലിയ തോതിൽ ഭൂമി അക്വയർ ചെയ്ത് ഇത് നിർമിക്കാൻ എൽ.ഡി.എഫ് സർക്കാർ ടി.ബാലകൃഷ്ണൻ ചെയർമാനായി കമ്പനിതന്നെ രൂപീകരിച്ചതാണ്. പിന്നീട് കടുത്ത എതിർപ്പ് വന്നതോടെ പിൻവാങ്ങി. അതാണ് വീണ്ടും പൊടി തട്ടി എടുത്തിരിക്കുന്നത്. തിരു- മംഗലാപുരം അതിവേഗറെയിലിനെക്കുറിച്ച് പരാമർശിക്കുന്നതിന്റെ അവസാനം സ്പീഡ് കൂടുന്തോറും ചെലവ് കൂടുമെന്നും ഇത്ര കൂടുതൽ വേഗത വേണ്ടതുണ്ടോ എന്നും ആശങ്കയുണ്ട്.(സഞ്ചിക 3, പേജ് 95) റിപ്പോർട്ട് തയ്യാറാക്കിയ ആൾക്കുള്ള ആശങ്കപോലും തോമസ് ഐസക്കിനില്ല. അതിഭീമമായ ചെലവും ജനങ്ങളുടെ എതിർപ്പുമുയരുന്ന ഈ അതിവേഗപാത ഒരിക്കലും ലാഭമാകാനിടയില്ലെന്നാണ് മറ്റ് രാജ്യങ്ങളിലെ ഇതേപോലുള്ള പല പദ്ധതികളും പരിശോധിച്ച വിദഗ്ധരുടെ അഭിപ്രായം. ആർ.വി.ജി മേനോൻ ഈ പദ്ധതിയുടെ അശാസ്ത്രീയതയെക്കുറിച്ച് മുൻപൊരിക്കൽ എഴുതിയതുമാണ്. അടച്ചുപൂട്ടിയെന്ന് കരുതിയ അതിവേഗറെയിൽകമ്പനി യു.ഡി.എഫ് സർക്കാർ വീണ്ടും തുറന്ന സാഹചര്യത്തിൽ അ

വിഴിഞ്ഞമടക്കമുള്ള പദ്ധതികൾ ഒരിക്കലും സ്വകാര്യമേഖലയിൽ തുടങ്ങരുതെന്ന ജന.സെക്രട്ടറി സീതാറാം യച്ചൂരിയുടെ പാർട്ടി നിലപാടിനെപോലും മാനിക്കാതെയാണ് പിണറായി ഇങ്ങനെ തീരുമാനമെടുത്തത്.(പദ്ധതിയിൽ ഒപ്പുവെക്കുംവരെ യാതൊരു പ്രതിഷേധവും അറിയിക്കാത്തവർ ഇപ്പോൾ പറയുന്നത് മുൻസർക്കാർ പദ്ധതി തുടരുകയല്ലാതെ വഴിയില്ലെന്നാണ്. ഇത് ശുദ്ധതട്ടിപ്പാണ്).

തിനെ പൂർണമായി പിൻതാങ്ങുകയാണ് സി.പി.എം(വികസന കാര്യത്തിലെ സമാനതകളുടെ ഒരു തെളിവാണിത്). പദ്ധതിക്കെതിരെ കോഴിക്കോടും മറ്റും സി.പി.എം അണികൾ പോലും സമരംഗത്താണ്. (കഴിഞ്ഞ ദിവസം വടകരയിൽ നടന്ന സമരചിത്രം)നിലവിലുള്ള റോഡിൽ വാഹനങ്ങൾ ക്രമാതീതമായി കൂടുന്നതിനാലും യാത്ര ദുഷ്കരമാകുന്നതിനാലുമാണ് ഇങ്ങനെ തീരുമാനമെടുക്കേണ്ടിവരുന്നതെന്നാണ് ഐസക് പറയുന്നത്. ഓരോ വർഷവും 5 ലക്ഷം പുതിയ വാഹനങ്ങൾ കേരളത്തിന്റെ റോഡുകളിൽ ഇറങ്ങുന്നുവെന്ന് പനകോൺഗ്രസിന്റെ 'ഗതാഗതം' പേപ്പറിൽ പറയുന്നുണ്ട്. വൻകിടവ്യവസായകേന്ദ്രങ്ങളുള്ള കൊച്ചിപോലുള്ള സ്ഥലങ്ങളിൽ വ്യവസായ സ്രോതസ്സുകൾ ഉണ്ടാക്കുന്നതിനേക്കാൾ നാലുമടങ്ങാണ് വാഹനങ്ങളുണ്ടാക്കുന്ന വായുമലിനീകരണമെന്നു പരിസ്ഥിതിയെക്കുറിച്ചുള്ള പേപ്പറിൽ പറയുന്നുണ്ട്. പുതിയ കണക്കു പ്രകാരം ഓരോ ദിവസവും 3171 പുതിയ വാഹനങ്ങൾ നിരത്തിലിറങ്ങുന്നു (പരിസ്ഥിതിയും സുസ്ഥിരവികസനവും പേജ് 83). എന്നാൽ പൊതുഗതാഗതത്തെ ക്ഷീണിപ്പിക്കുന്ന നിലയിൽ കാലങ്ങളായി ഭരണം നടത്തിയവർ സ്വകാര്യ വാഹനങ്ങൾ അമിതമായി റോഡിലിറക്കുന്നതിനെ അനുകൂലിക്കുന്നു. അത്തരം വാഹനങ്ങളെ കുറക്കുന്നതിനെക്കുറിച്ചോ അവയ്ക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിനെക്കുറിച്ചോ ഒരു ചർച്ചയും നടത്താതെ വാഹനപ്പെരുപ്പത്തിനനുസരിച്ച് പാതകൾ വീതി കൂട്ടുകയും അതിവേഗറെയിൽ പണിയുകയും ചെയ്യുന്ന അശാസ്ത്രീയതയാണ് അവലംബിക്കുന്നത്. ജനനിബിഡവും പരിസ്ഥിതി ലോലവുമായ സ്ഥലമാണ് കേരളമെന്ന് ഇപ്പോഴും ഇവർ മറക്കുന്നു. മുതലാളിത്തം പ്രതിസന്ധിയായ അമിതോൽപ്പാദനമെന്ന പ്രതിഭാസത്തെ അതേപോലെ സ്വീകരിക്കുന്ന സ്വപനമാണ് സി.പി.എമ്മും കൈക്കൊള്ളുന്നതെന്ന് സാരം. നഗരങ്ങളിലെ ബൈപ്പാസുകൾക്കും ദേശീയപാതകൾക്കും ഭാവി ആവശ്യം കണക്കിലെടുത്ത് 45-60 മീറ്റർ വീതിയും സംസ്ഥാനപാതക്ക് 30-45 മീറ്ററും വീതിയും വേണമെന്ന കോൺഗ്രസിലെ മറ്റൊരു റിപ്പോർട്ടാണ് ആരെയും ഞെട്ടിക്കുന്നത്. (ഗതാഗതം, പേജ് 91) 30 മീറ്ററിൽ സ്ഥലമേറ്റെടുത്താൽതന്നെ ആറുവരിപ്പാത നിർമിക്കാമെന്നാണ് സമരക്കാർ എത്രയോ കാലമായി പറയുന്നത്. ഒടുക്കം കേന്ദ്രസർക്കാർ 45 മീറ്ററെന്ന തീരുമാനത്തിൽ ഉറച്ചു നിൽക്കുകയാണിപ്പോൾ. ഭാവിയിൽ 60 മീറ്റർ വേണമെന്ന് യാതൊരു സങ്കോചവുമില്ലാതെ ഇപ്പോൾ സി.പി.എം പറയുമ്പോൾ പശ്ചാത്തലസൗകര്യവും വാഹനപ്പെരുപ്പവും പറഞ്ഞ് കേരളത്തെ റോഡുകളാൽ സമ്പന്നമായ സംസ്ഥാനമാക്കി മാറ്റിയേക്കും! ഇതിനൊക്കെയാണോ ബദൽ വികസനമെന്ന് പറയേണ്ടത്!

കടുത്ത എതിർപ്പുകളും സമരങ്ങളുമുയർന്നാലും പാർട്ടിക്ക് കാര്യങ്ങൾ ബോധ്യപ്പെടണമെങ്കിൽ വർഷമെത്രയെടുക്കുമെന്നതിന് തെളിവാണ് 'കേരളത്തിലെ എല്ലാ ചുങ്കം പിരിവുകളും അവസാനിപ്പിക്കണമെന്ന്'പാർട്ടിനേതാവ് പ്രസംഗിച്ചതും റിപ്പോർട്ടിൽ അതേക്കുറിച്ച് വിശദമായി പ്രതിപാദിച്ചതും (ഗതാഗതം, പേജ് 96). വിജയം വരിച്ച മട്ടാഞ്ചേരി ടോൾ വിരുദ്ധ സമരത്തിലും ഇപ്പോഴും സജീവമായി നിൽ



⇨ ഇതേ ഗതിതന്നെയാണ് തിരുവനന്തപുരത്തെയും മറ്റ് പലയിടത്തെയും ടെർമിനലിന്റെ അവസ്ഥ ⇨

ക്കുന്ന പാലിയേക്കര ടോൾ വിരുദ്ധസമരത്തിലുമൊന്നും സി.പി.എം ഇല്ലെന്ന് മാത്രമല്ല അതിന്റെ നടത്തിപ്പുകാർക്കൊപ്പമായിരുന്നു അവരെന്നോർക്കണം. ഇതേക്കുറിച്ചൊന്നും റിപ്പോർട്ടിൽ എവിടെയും പരാമർശംപോലുമില്ല.

ഗതാഗതത്തിന്റെ വിഭവസമാഹരണത്തെക്കുറിച്ച് പറയുന്നിടത്ത് പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷനെക്കുറിച്ചും ബി.ഒ.ടി രീതികളെക്കുറിച്ചും പറയുന്നുണ്ടെങ്കിലും ഇടതുപക്ഷം മുൻകൈയെടുത്ത് ഇതേ രീതിയിൽ നടപ്പാക്കിയ പദ്ധതികളുടെ പാളിച്ചയെക്കുറിച്ച് വിശകലനമൊന്നുമില്ല. അതിലൊന്നാണ് കെ.എസ്.ആർ.ടി.സിയെ രക്ഷിക്കുന്നതിന് ഇടതുപക്ഷം സംസ്ഥാനത്തെ മിക്ക ജില്ലകളിലും കെ.എസ്.ആർ.ടി.സി ടെർമിനൽ നിർമാണത്തിന് തുടക്കമിട്ടത്. ബി.ഒ.ടി അടിസ്ഥാനത്തിൽ കോഴിക്കോട് നിർമിച്ച ടെർമിനിലിന് 65 കോടി രൂപയാണ് ചെലവഴിച്ചത്. 14 നിലയുള്ള ഈ കൂറ്റൻ കെട്ടിടം ഉദ്ഘാടനം കഴിഞ്ഞിട്ട് ആറ് മാസം പിന്നിട്ടെങ്കിലും ഇതിലെ മുറികൾ ഇതുവരെ ആരുംതന്നെ ഏറ്റെടുത്തിട്ടില്ല. ഇതേ ഗതിതന്നെയാണ് തിരുവനന്തപുരത്തെയും മറ്റ് പലയിടത്തെയും ടെർമിനലിന്റെ അവസ്ഥ. ഇത്തരം വികസനമാതൃകകളെ എങ്ങനെയാണ് കാണേണ്ടത്? ഇതേ പേപ്പറിലെ(ഗതാഗതം) 97-ാം പേജിലാണ് മറ്റൊരു തമാശ ഒളിഞ്ഞിരിക്കുന്നത്. വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ ബി.ഒ.ടി പ്രകാരം നിർമിച്ച് വരികയാണ് എന്നാണ് പറയുന്നത്. 'രാജ്യത്തെ ഏറ്റവും വലിയ സിംഗിൾ ഓപ്പറേറ്റർ കണ്ടെയ്നർ ടെർമിനലാണിത്. പ്രത്യേക സാമ്പത്തികമേഖലയിൽ ആദ്യമായി പ്രവർത്തിക്കുന്നതുമാണിത്. ഇതിനെ രാജ്യത്തെ ആദ്യത്തെ പി.പി.പി സംരംഭത്തിലുള്ള ട്രാൻഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിച്ചുവരികയാണ്...' എന്നിങ്ങനെ നീളുകയാണ് വിശദീകരണം. വല്ലാർപാടം ടെർമിനൽ ഉദ്ഘാടനം കഴിയുകയും അത് വലിയ നഷ്ടത്തിലേക്ക് കൂപ്പു കുത്തുകയും ചെയ്യുന്ന വർത്തമാനകാലത്താണ് പഴയകോൺഗ്രസ് ഈ മണ്ടത്തരങ്ങൾ എഴുന്നള്ളിക്കുന്നത്. ഇരുമുന്നണികളുടെയും പിന്തുണയിൽ കൊട്ടിഘോഷിച്ച് കോടികൾ ചെലഴിച്ചാണ് വല്ലാർപ്പാടം നിർമിച്ചത്. നിർമാണവുമായി ബന്ധപ്പെട്ട് ലഭിക്കാവുന്ന കമ്മീഷനും അഴിമതിത്തുകയുമൊക്കെ പലരുടെയും കീശയിൽ എത്തിക്കാണുമെങ്കിലും സംസ്ഥാനത്തിന് കാര്യമായ നേട്ടമൊന്നും ഇപ്പോഴുമുണ്ടായിട്ടില്ല. വല്ലാർപാടം വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെയും ഏക്കറുകളോളം വയലുകൾ നികത്തി റെയിലും റോഡും പണിതതിന്റെയും പ്രശ്നത്തിന് ഇതുവരെ ശാശ്വതപരിഹാരമായിട്ടില്ലെന്നോർക്കണം. വല്ലാർപാടം നഷ്ടത്തിലേക്ക് കൂപ്പുകുത്തുകയാണെന്ന മൂർത്തമായ വസ്തുത റിപ്പോർട്ടിൽ പരമാർശിക്കാത്തതുതന്നെ പുതുതായി പണിയാൻ പോകുന്ന വിഴിഞ്ഞം പദ്ധതിയുടെ(വല്ലാർപാടത്തിന് സമാനം) പൊള്ളത്തരം വെളിപ്പെടുമെന്ന ഭയമുള്ളതിനാലാകും.

കാർഷികമേഖലയെക്കുറിച്ചുള്ള പേപ്പറിൽ 1960കളിലെ ഭക്ഷ്യപ്രതിസന്ധിയെ മറികടന്നതും പുരോഗതി കൈവരിച്ചതും ഹരിതവിപ്ലവവും അതുവഴി വന്ന പുത്തൻകൃഷിരീതിയുമാണെന്നു പറയുന്നു. രാസവളവുമുപയോഗിച്ച് ആധുനിക കൃഷി അമിതോൽപ്പാദനം സൃഷ്ടിച്ചപ്പോൾതന്നെ രോഗികളുടെ എണ്ണം കൂട്ടുകയും അതുവഴി ആശുപത്രിവികസനവും ജനതയുടെ പണം കൊള്ളടയിക്കുന്ന മരുന്ന് കമ്പനികളുടെ വരവും കേരളത്തിൽ വർധിച്ചുമെന്നുമോർക്കണം. ഇക്കാര്യത്തെ ഇപ്പോഴും സി.പി.എം അഭിസംബോധന ചെയ്യാൻ തയ്യാറല്ല.

കോർപ്പറേറ്റുകൾക്ക് കൂടുതൽ ആനുകൂല്യങ്ങളും അവകാശങ്ങളും നൽകാൻ നമ്മളില്ല എന്നാണ് 'വികസനസംവാദത്തിനു മുഖവുര' എന്ന ഭാഗത്ത് പറയുന്നതെങ്കിലും റിപ്പോർട്ടുകളിലൂടെ ഓടിച്ചുപോകുമ്പോൾ കോർപ്പറേറ്റ് സ്വകാര്യമൂലധനം തന്നെയാണ് ഇനിയുള്ള കാലവും ഇടതുപക്ഷവികസനം കെട്ടിപ്പടുക്കുന്നിതിലുള്ള മുഖ്യപോംവഴിയെന്നാണ് മനസിലാക്കാൻ കഴിയുന്നത്.

കാർഷികവൃത്തി ലാഭകരം ആക്കണമെങ്കിൽ പ്രാദേശികഗവേഷണം സംഘടിപ്പിക്കണമെന്നും ജനിതകവിത്തിന് കീഴടങ്ങുക എന്നല്ല പ്രാദേശിക ഗവേഷണംകൊണ്ട് അർത്ഥമാക്കുന്നത് എന്നും അധ്യക്ഷപ്രസംഗത്തിൽ പിണറായി വിശദമാക്കുന്നുണ്ട്. അതിന്റെ അർത്ഥം ജനിതകവിത്തുകൾ ചെറിയതോതിലെങ്കിലും ആകാമെന്നാണ്. ജൈവകൃഷിയെക്കുറിച്ച് എന്തുതരം ഇടപെടലുണ്ടെങ്കിലും കൂടുതൽ ഉൽപ്പാദനക്ഷമമുള്ള ആധുനികൃഷിരീതിയോടുതന്നെയാണ് ഇന്നുമിവർക്ക് താൽപ്പര്യം. കാർഷികമേഖലയെക്കുറിച്ചുള്ള പേപ്പറിൽ 1960കളിലെ ഭക്ഷ്യപ്രതിസന്ധിയെ മറികടന്നതും പുരോഗതി കൈവരിച്ചതും ഹരിതവിപ്ലവ

വും അതുവഴി വന്ന പുത്തൻകൃഷിരീതിയുമാണെന്നു പറയുന്നു. രാസവളമുപയോഗിച്ച് ആധുനിക കൃഷി അമിതോൽപ്പാദനം സൃഷ്ടിച്ചപ്പോൾതന്നെ രോഗികളുടെ എണ്ണം കൂട്ടുകയും അതുവഴി ആശുപത്രിവികസനവും ജനതയുടെ പണം കൊള്ളയടിക്കുന്ന മരുന്ന്കമ്പനികളുടെ വരവും കേരളത്തിൽ വർധിച്ചുവെന്നു മോർക്കണം. ഇക്കാര്യത്തെ ഇപ്പോഴും സി.പി.എം അഭിസംബോധന ചെയ്യാൻ തയ്യാറല്ല. എത്ര വൈകിയാണ് പല കാര്യങ്ങളെയും അവർ തിരിച്ചറിയുന്നത്. ഇതേ അമിതോൽപ്പാദനവും കീടനിയന്ത്രണവും ലക്ഷ്യംവെച്ചാണ് എൻഡോസൾഫാൻ എന്ന മാരകകീടനാശിനി സർക്കാരിന്റെതന്നെ പ്ലാന്റേഷൻ കോർപ്പറേഷനെ ഉപയോഗിച്ച് തളിച്ചത്. അവിടെ അതുമൂലം എത്ര കശുവണ്ടിവിളവ് കൂടി എന്നതിനെക്കുറിച്ചല്ല നാമിന്ന് ചർച്ച ചെയ്യുന്നത്. അതുവഴി ഒരു ജനതയെ മാറാരോഗികളാക്കിയതും പ്രകൃതിയെയും നീരൊഴുക്കിനെയും നശിപ്പിച്ചതുമാണ്. ഈ വിഷയം തിരിച്ചറിയാൻ സി.പി.എമ്മിന്റെ ഔദ്യോഗിക നേതാവിന് എത്ര വർഷം വേണ്ടിവന്നു; ഇപ്പോഴവിടെ സന്ദർശിക്കാൻ. കൃഷിയുടെ കാര്യത്തിൽ നിലപാടുകളിൽ വ്യക്തതയില്ലെങ്കിലും പാർട്ടി ഇതിനകം നടപ്പാക്കിത്തുടങ്ങിയ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കണമെന്നാണ് അവർ പറയുന്നത്. മണ്ണിനെ നിരന്തരം മലിനമാക്കുന്നതിനെ ഗൗനിക്കാത്തവരുടെ ജൈവകൃഷി എത്രകാലമുണ്ടാകുമെന്ന് കാത്തിരുന്ന്കാണാം. കാരണം ഭൂമിയുമായി ബന്ധപ്പെട്ട ഒരു സംസ്കാരമാണ് കൃഷിയെന്ന നിലപാടിലേക്ക് വളരാൻ അവർക്കിപ്പോഴും കഴിഞ്ഞിട്ടില്ല. കേരളത്തിൽ കൃഷി ചെയ്യാനുതകുന്ന വികസനസങ്കൽപ്പമല്ല നടപ്പാക്കുന്നത്. വയലുകൾ നികത്തിയും കാടുകൾ വെട്ടിയും കൂറ്റൻ കെട്ടിടങ്ങളും വ്യവസായവും പണിയലുമാണ് (ശോഭസിറ്റിപോലുള്ളവയടക്കം) ഇടതുപക്ഷത്തിനെയും ഭരിക്കുന്ന വികസനമാതൃക.

ഇടതുപക്ഷം കൊണ്ടുവന്ന 2008ലെ നീർത്തട സംരക്ഷണനിയമത്തെ സംരക്ഷിക്കാൻ താൽപ്പര്യം പ്രകടിപ്പിക്കാത്തവരാണവർ. ഈ നിയമം യു.ഡി.എഫ് സർക്കാർ അട്ടിമറിച്ചപ്പോൾ അതിനെതിരെ സമരം നയിക്കാൻ സി.പി.എം തുനിഞ്ഞില്ല. കെ.എം മാണിയുടെ ബജറ്റിൽ ഈ നിയമത്തെ അട്ടിമറിക്കുന്ന തീരുമാനമുണ്ടായിട്ടും അതിനെ എതിർക്കാതെ ബജറ്റ് ബഹിഷ്കരിക്കുകയാണ് എൽ.ഡി.എഫ് ചെയ്തത്. മുൻകാലത്തെ വയൽനികത്തലിനെ റഗുലറൈസ് ചെയ്യുന്ന സീപനം എൽഡിഫ് കാലത്ത് തോമസ് ഐസകും ബജറ്റിൽ കൊണ്ടുവന്നെങ്കിലും എതിർപ്പ് കാരണം പിൻവാങ്ങിയതാണ്. അതേ നിലപാട് തന്നെയാണ് കെ.എം മാണി യു.ഡി.എഫ് ഭരണത്തിൽ കൊണ്ടുവന്നത്. സ്വന്തം ബില്ല് യു.ഡി.എഫ് സർക്കാർ അട്ടിമറിച്ചപ്പോൾ നിശബ്ദരാകുകയാണ് സി.പി.എം ചെയ്തത്. പരിസ്ഥിതി വിരുദ്ധനിലപാടിനെതിരെ ഭരണപക്ഷത്തെ ചില എം.എൽ.എമാരാണ് ശബ്ദിച്ചത്.( വയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് സംബന്ധിച്ച നയങ്ങളിൽ അയവുവരുത്തിയതിനെക്കുറിച്ച് ചെറിയൊരു പരാമർശം പാരിസ്ഥിതിക പേപ്പറിൽ അഴകൊഴമ്പൻമട്ടിലുണ്ട്- പേജ് 84) കഴിഞ്ഞ ഇടതുസർക്കാർ കാലത്ത് ഭൂപരിഷ്കരണനിയമം അട്ടിമറിക്കാൻ ശ്രമിച്ചപ്പോൾ പ്രതിഷേധമുയർന്നിരുന്നു. തെങ്ങിന്റെ മണ്ടയിൽ വികസനം വരുമോ എന്ന് പ്രസ്താവന നടത്തിയതും മന്ത്രിയായിരുന്ന സി.പി.എം നേതാവ് എളമരം കരീമാണ്. വയൽനികത്തി വികസനം വരണമെന്ന് ചിന്തിക്കുന്നവരുടെ കാർഷികവികസനചിന്ത എത്രത്തോളമുണ്ടാകുമെന്ന് ഊഹിക്കാവുന്നതാണ്. കൃഷി എന്ന പ്രത്യേക പേപ്പറിൽ കൃഷിഭൂമി എന്ന സബ്ടൈറ്റിലിൽ ഒഴുക്കൻ മട്ടിൽ നെൽവയൽ സംരക്ഷണനിയമം, കേരളഭൂവിനിയോഗ ഓർഡർ എന്നിവ കൃത്യമായി നടപ്പാക്കണമെന്ന് പറയുന്നതല്ലാതെ എന്താണ് ഈ നിയമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്ന് വ്യക്തമാക്കുന്നില്ല.(പേജ് 40) ശേഷിക്കുന്ന നെൽപ്പാടങ്ങളിൽ വലിയൊരു ഭാഗം ഹൈസ്പീഡ് റെയിൽ കോറിഡോറിനും റോഡിനും വേണ്ടി മണ്ണിട്ട് നികത്തുന്നവർക്ക് എത്രകാലം ജൈകൃഷി നടത്താനാകും.

പരിസ്ഥിതിക്കും സുസ്ഥിരവികസനത്തിനും 13 പേജുള്ള പ്രത്യേക പേപ്പർ അവതരിപ്പിക്കുമ്പോൾ അതിനെ പൂർണമായും അസാധുവാക്കുന്ന പേപ്പറുകളാണ് മറ്റുള്ളവ എന്നതാണ് കൗതുകം. പരിസ്ഥിതിയെക്കുറിച്ച് ആധികാരികമായി സി.പി.എം മുന്നോട്ട് വെക്കുന്ന പേപ്പറിന് സി.പി.എമ്മിന്റെ പ്രായോഗിക വികസനവുമായി ഒത്തുപോകാനാകില്ല. പശ്ചിമഘട്ടമേഘലയുടെ പാരിസ്ഥിതിക ഗുണഗണങ്ങളെക്കുറിച്ച് ഘോരഘോരമെഴുതുമ്പോൾ അതിനെ സംരക്ഷിക്കാൻ തയ്യാറാക്കിയ മികച്ച പ്രായോഗികപദ്ധതിയാണ് ഗാഡ്ഗിലിന്റേതെന്ന് സമ്മതിക്കാൻ സി.പി.എം ഇപ്പോഴും തയ്യാറല്ല. കസ്തൂരിരംഗൻ റിപ്പോർട്ടിനെയും ഗാഡ്ഗിൽ റിപ്പോർട്ടിനെയും ഒരേ പ്രാധാന്യത്തോടെയാണ് ഇവർ കാണുന്നത്. 'ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ രിപ്പോർട്ടുമെല്ലാം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഈ റിപ്പോർട്ടിലെ ശിപാർശകൾ കർഷകർക്കിടയിൽ വമ്പിച്ച ആശങ്കയാണ് ഉയർത്തിവിട്ടിട്ടുള്ളത്'

എന്ന കള്ളത്തരം പറഞ്ഞ് സി.പി.എം ഇപ്പോഴും കർഷകരെയാണ് പ്രതിസ്ഥാനത്താക്കുന്നത്. വൻകിട ക്വാറിമാഫിയകൾക്കുവേണ്ടി സി.പി.എമ്മും യു.ഡി.എഫും ഒന്നിച്ച് കർഷകരിൽ ബോധപൂർവം ആശങ്ക സൃഷ്ടിക്കുകയായിരുന്നു എന്നത് ഇതിനകം കേരളം തിരിച്ചറിഞ്ഞതാണ്. എന്നിട്ടും ജനം, കർഷകർ എന്നിങ്ങനെയെല്ലാം വിഭജിച്ച് നിർത്തി ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രാധാന്യത്തെ കളിയാക്കുകയാണ്.

ഉഷ്ണമേഖലാ നിത്യഹരിത മൺസൂൺ പ്രദേശമായ കേരളത്തിന്റെ ഭൂമിയിൽ 50 ശതമാനത്തിലേറെയും പശ്ചിമഘട്ടപർവതമാണ്. പാരിസ്ഥിതികമായി ഏറെ ലോലമായ തീരപ്രദേശവും കൃഷിക്കനുയോജ്യമായി ഇടനാടൻ കുന്നുകളും. 44 നദികളാൽ സമ്പന്നമായ തലസ്ഥാനം. ഇവിടങ്ങളിലെ ജൈവവൈവിധ്യം നശിപ്പിക്കപ്പെട്ടാൽ അത് തിരിച്ചുപിടിക്കാൻ മനുഷ്യന് എത്രമാത്രം ക്ലേശകരമാണെന്ന് ഇതുമായി ബന്ധപ്പെട്ട് പഠിക്കുന്ന വിദഗ്ധർ എത്രയോ തവണ നമ്മെ ബോധ്യപ്പെടുത്തിയതാണ്. ഇതേപോലെ കേരളത്തിന്റെ ഭൂപ്രകൃതിയിൽ ആധുനികവ്യവസായിക വികസനത്തിന് ഏറെ പരിമിതികളുണ്ടെന്നും നമ്മെ പലരും ഓർമപ്പടുത്തിയിട്ടുണ്ട്. അത്തരമൊവസ്ഥയിൽ നമ്മുടെ ശേഷിക്കുന്ന പശ്ചിമഘട്ടമേഖല സംരക്ഷിക്കുന്നതിനും ഭാവിതലമുറയ്ക്ക് കരുതലാകുന്നതിനും വഴിയൊരുക്കുന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ട്. അതിനോട് നിഷേധാത്മകസമീപനമാണ് സി.പി.എം സ്വീകരിച്ചത്. ഇന്നും ആ റിപ്പോർട്ട് ത്രിശങ്കുസ്വർഗത്തിൽ കിടക്കുകയാണ്.

എന്തുതന്നെയായാലും ക്വാറിമാഫിയയും വൻകിടരാസവ്യവസായ സംരംഭങ്ങളും സൃഷ്ടിക്കുന്ന മാലിന്യപ്രശ്നങ്ങളെക്കുറിച്ചും പാരിസ്ഥിതിക നാശത്തെക്കുറിച്ചും വിശദമായി റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത് കാണുമ്പോൾ ഇവിടുത്ത പരിസ്ഥിതിപ്രവർത്തകർക്ക് ആശ്വസിക്കാം. ഇപ്പോഴെങ്കിലും എഴുത്തിലെങ്കിലും അവർ ഈകാര്യം സമ്മതിച്ചല്ലോ. പശ്ചിമഘട്ടനിരകളിലെ അധികൃതവും അനധികൃതവുമായ നൂറുകണക്കിന് ക്വാറികൾക്കെതിരായ സമരത്തിലും ഏലൂരും കാതിക്കുടവും പോലുള്ള രാസമാലിന്യവ്യവസായത്തിനെതിരായ സമരങ്ങളിലുമെല്ലാം സി.പി.എം എപ്പോഴും സമരക്കാർക്കെതിരായിരുന്നു. ഇക്കാര്യത്തിൽ കാതലായ എന്ത്  മാറ്റമാണ് വരാൻ പോകുന്നത്? 'പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടും മലിനീകരണ സാധ്യത ഇല്ലാതെയുമുള്ള, ആധുനിക കാലത്തിന് അനുയോജ്യമായ വ്യവസായങ്ങൾക്കും സംരംഭകർക്കും ആവേശപൂർവം കടന്നുവരാനും തൊഴിലെടുക്കാനും ജീവിക്കാനും പറ്റിയ ഏറ്റവും മികച്ച നാടായി കേരളത്തെ നമുക്ക് മാറ്റിയെടുക്കേണ്ടതുണ്ട്' എന്ന തേൻ പുരട്ടിയ വാക്കുകളായിരുന്നു അധ്യക്ഷൻ നടത്തിയതെങ്കിലും മുകളിൽ പലയിടങ്ങളിലായി പറഞ്ഞുവെച്ച വികസനസങ്കൽപ്പവുമായി ഇതിന് എവിടെയാണ് ഒന്നിച്ചുപോകാനാകുക എന്ന് അറിയില്ല.

നഗരവൽക്കരണവും ഉപഭോഗത്വരയും സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നമാണ് നഗരമാലിന്യ സംസ്കരണം, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയവയെല്ലാം എന്ന് പാരിസ്ഥിതിഘാതങ്ങൾ എന്ന ഭാഗത്ത് പറയുന്നുണ്ട്(പരിസ്ഥിതിയും സുസ്ഥിരവികസനവും, പേജ് 78 ) ഇവിടെയാണ് സി.പി.എമ്മിന്റെ മറ്റൊരു കാപട്യം വെളിവാക്കപ്പെടുന്നത്. കഴിഞ്ഞ 10 വർഷത്തിന് മീതെയായി മലയാളി മധ്യവർഗത്തിൽ ഇത്രമാത്രം ഉപഭോഗഭ്രാന്ത് പിടികൂടുന്നതിന് പ്രധാനഘടകമാണ് ഗ്രാന്റ് കേരള ഷേപ്പിംഗ് ഫെസ്റ്റ്. അവശ്യസാധനങ്ങൾ പോലും കുറഞ്ഞ വിലയ്ക്ക് കിട്ടാത്ത കാലത്താണ് ആഡംബരപൂർണമായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതുവഴി വ്യാപാരമേഖലയെ ചലിപ്പിക്കാൻ 2007 ലെ ഇടതുസർക്കാർ ഇത് കൊണ്ടുവന്നത്. ഇതുവഴി മലയാളിയുടെ പൊങ്ങച്ചമൂല്യമാണ് വർധിച്ചതെന്നും ദാരിദ്ര്യം കുറക്കുകയല്ല ചെയ്തതെന്നും എം.പി പരമേശ്വരൻ തുടക്കത്തിൽതന്നെ പറഞ്ഞതാണ്. ഇവരാണ് ഉപഭോഗത്വര വർധിക്കുന്നതിനെക്കുറിച്ച് ആകുലപ്പെടുന്നത്. പല കാര്യത്തിലുമെന്നതുപോലെ ഏറെ വൈകി തോമസ് ഐസക്കിന് ഈ കാര്യം ബോധ്യമായിട്ടുണ്ട്. ഫെസ്റ്റ് ഇതുപോലെ ഇനി നടത്തേണ്ടതില്ല എന്ന് അദ്ദേഹം ഫെയ്സ് ബുക്കിൽ ഈയിടെ കുറിച്ചിട്ടുണ്ട്. ഉപഭോഗജ്വരം വർധിപ്പിച്ച് മുതലാളിത്ത ജീവിതരീതിയിലേക്ക് തള്ളിയിടുന്ന മനുഷ്യരാണ് മാലിന്യസ്രഷ്ടാക്കളിൽ പ്രധാനി

> കഴിഞ്ഞ 10 വർഷത്തിന് മീതെയായി മലയാളി മധ്യവർഗത്തിൽ ഇത്രമാത്രം ഉപഭോഗഭ്രാന്ത് പിടികൂടുന്നതിന് പ്രധാനഘടകമാണ് ഗ്രാന്റ് കേരള ഫെസ്റ്റ് വെൽ. അവശ്യസാധനങ്ങൾ പോലും കുറഞ്ഞ വിലയ്ക്ക് കിട്ടാത്ത കാലത്താണ് ആഡംബരപൂർണമായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതുവഴി വ്യാപാരമേഖലയെ ചലിപ്പിക്കാൻ 2007 ലെ ഇടതുസർക്കാർ ഇത് കൊണ്ടുവന്നത്.



വിഴിഞ്ഞം പദ്ധതിയുടെ ഉദ്ഘാടനത്തിനെത്തിയ ഗൗതം അദാനി കോടിയേരി ബാലകൃഷ്ണനെ സന്ദർശിച്ചപ്പോൾ

കൾ. ഈയൊരു ജീവിതരീതിയിൽ അടിമുടി മാറ്റം വരുത്തി(വികസനസങ്കൽപ്പത്തിലെ മാറ്റം) ജീവിതത്തിൽ ലാളിത്യവും പരിസരശുചിത്വബോധവുമൊക്കെ വികസിപ്പിച്ചെടുക്കാതെ പ്ലാസ്റ്റിക് പെറുക്കിയെടുക്കുന്ന കുട്ടികൾക്ക് പുസ്തകം സമ്മാനമായി കൊടുക്കുന്ന ഗിമ്മിക്കുകൾകൊണ്ടുമാത്രം മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാകില്ല.

വികസനമെന്ന ആശയം ഒരു ബുൾഡോസറെന്ന നിലയിൽ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ അതിമാരകമായി താറുമാറാക്കിക്കൊണ്ടു, എന്തിന് മനുഷ്യന്റെ നിലനിൽപ്പിനെപ്പോലും അപകടത്തിലാക്കുന്ന തരത്തിലാണ് മുന്നേറുന്നത്. അമിതോൽപ്പാദനം ലക്ഷ്യം വെക്കുന്ന മുതലാളിത്ത സങ്കൽപ്പംതന്നെയാണ് അതിന് കാരണം. അമിതോൽപ്പാദനത്തോടൊപ്പം അമിതോപഭോഗവുമാണ് സി.പി.എം വിഭാവനം ചെയ്യുന്നത്. വികസനസങ്കൽപ്പത്തിലും ഇതുതന്നെയാണ് ഒളിഞ്ഞിരിക്കുന്നത്.

മറ്റ് സംസ്ഥാനങ്ങളിൽനിന്നുമാത്രമല്ല ലോകത്തെതന്നെ മറ്റ് സ്ഥലങ്ങളിൽനിന്നും വ്യത്യസ്തമാണ് കേരളത്തിന്റെ ഭൂപ്രകൃതിയും നിബിഡജനവാസവുമെന്നും ഇതുവരെ അറിയാത്തവരല്ല ഇടതുപക്ഷം. ഉത്തരേന്ത്യയിലേതുപോലെ, എന്തിന് മലയാളിക്ക് എന്നും നേരിട്ടറിയാവുന്ന ഗൾഫ് മേഖലയിലെ ഒഴിഞ്ഞുകിടക്കുന്ന മരുഭൂമി പോലെയല്ല കേരളമെന്ന് ഇനിയും ഉൾക്കൊള്ളുന്നില്ല അവർ. കേരളത്തിലെ പെട്ടെന്നുണ്ടായ എല്ലാ വളർച്ചയുടെയും പിന്നിൽ ഇവിടുത്തെ സർക്കാറല്ലെന്നും ഗൾഫ് മൂലധനമാണെന്നും എത്രയോ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇവിടുത്തെ വികസനസങ്കൽപ്പത്തിന്റെ നിർണ്ണായകശക്തി ഗൾഫ് മലയാളികളാണ്. ഗൾഫിലെ പരന്നുകിടക്കുന്ന മരുഭൂമിയിൽ തലങ്ങും വിലങ്ങും ആറും എട്ടും വരിയുടെ പാതയിൽ അതിവേഗത്തിൽ സുരക്ഷിതമായ സഞ്ചരിക്കുന്നവർക്കാണ് എട്ട് മണിക്കൂർകൊണ്ട് വടക്ക് തെക്ക് സഞ്ചരിക്കേണ്ട എക്സ്പ്രസ് വേയും അതല്ലെങ്കിൽ അതിവേഗറെയിൽപാതയും വരുന്നത്.

വികസനത്തിൽ മറ്റെല്ലാറ്റിനേക്കാളും സ്വാധീനഘടകമായിരുന്നത് ഗൾഫ് പണംതന്നെയായിരുന്നു. അതിനാൽ അത്തരത്തിൽ വികസിച്ച മലയാളി മധ്യവർഗത്തിനനുസരിച്ച് സി.പി.എമ്മും വികസനകാഴ്ചപ്പാടുകൾ മുന്നോട്ടു വെച്ചു. 1970 മുതലാണ് ഗൾഫ് വരുമാനം ഉയരാൻ തുടങ്ങിയതെന്നും ഇന്നത് ഒരുലക്ഷം കോടി രൂപയിലേറെ വരുമെന്നും വികസനസംവാദത്തിന് മുഖവുര എന്ന ഭാഗത്തിൽ പറയുന്നു (പേജ് 14). സംസ്ഥാന ആഭ്യന്തരവരുമാനത്തിന്റെ 30-35 ശതമാനം വരും അത്. ഗൾഫിൽനിന്നുള്ള പണവരുമാനം സംസ്ഥാനത്തിന് ഒരു താങ്ങായി. ഇതിന്റെ ഫലയമായി ഉപഭോഗനിലവാരം ഉയർന്നു. സമ്പാദ്യം പെരുകി. ഈ സമ്പാദ്യം കാർഷിക-വ്യവസായ മേഖലയിലേക്കു തിരിഞ്ഞില്ലെങ്കിലും നിർമാണമേഖലയ്ക്കും സേവനത്തുറകൾക്കും അത് വലിയ ഉത്തേജകമായി എന്നും അതിൽ പറയുന്നു. ഈയിടെ ഗൾഫ് മലയാളികളെ പിണറായി വിജയൻ സന്ദർശിച്ചതും ഇതിനോട് ചേർത്തുവായിക്കണം. അവരുടെ സ്വപ്നപദ്ധതികൾ അവരുടെ അനുഭവങ്ങളിൽനിന്ന് രൂപപ്പെടുന്നതാണ്. അത് കേരളത്തിന്റെ ഭൂപ്രകൃതിയെയോ ജനസാന്ദ്രതയെയോ അനുസരിച്ചുള്ളതല്ല.

അതിനാൽ അത്തരം മനുഷ്യരെ തൃപ്തിപ്പെടുത്തുന്നതുതന്നെയാണ് ഇത്തവണയും വികസനസ്വപ്നമെന്ന് കാണാം. ഗൾഫ് കുടിയേറ്റം ഉണ്ടാക്കിയ മാറ്റം സാധാരണക്കാരെ പ്രത്യേകിച്ച് ആദിവാസികളെയും ദലിതരെയും ഭൂമിയുടെ ഉടമകളാക്കുന്നതിൽനിന്ന് കൂടുതൽ

⇨ *ഒരു റിപ്പോർട്ടും മറ്റൊന്നുമായി യോജിച്ചുപോകാതെ വ്യത്യസ്തസമീപനം പുലർത്തുന്നു* ⇨

അകറ്റിയെന്നും ഭൂമി, സ്വർണം തുടങ്ങിയവ കേരളത്തിന്റെ സാമ്പത്തിക വ്യവഹാരത്തെ നിയന്ത്രിക്കാൻ തുടങ്ങിയതോടെ വിൽപ്പനനികുതി പ്രധാനപ്പെട്ട സർക്കാർ വരുമാനമായെന്നും ഇടതുപക്ഷ നിലപാടിനെ വിമർശിച്ചുകൊണ്ട് ഈയിടെ ഡോ.എം കുഞ്ഞാമന്റെ നിരീക്ഷണമുണ്ട്(മാധ്യമം ആഴ്ചപ്പതിപ്പ് 2016 ജനുവരി 26). ഇത്തരം നികുതികൾ ഭരണകൂടത്തെ നിയന്ത്രിക്കാൻ തുടങ്ങിയെന്നും അദ്ദേഹം പറയുന്നു. ഇതേമേഖലയിൽ ഊന്നിക്കൊണ്ടുതന്നെയാണ് ഇത്തവണയും സി.പി.എം വികസനം കരുപ്പിടിപ്പിക്കുന്നത്. ഗൾഫ് മലയാളികളെ സംതൃപ്തിപ്പെടുത്തുന്ന വികസന കാഴ്ചപ്പാടുതന്നെയാണ് സി.പി.എം പുതിയ കോൺഗ്രസിലും അവതരിപ്പിച്ചിരിക്കുന്നത്. പരന്നുകിടക്കുന്ന മരുഭൂമിയിൽ പ്രത്യേകിച്ച് രാജാധിപത്യമുള്ള സ്ഥലങ്ങളിൽ ആറും എട്ടും വരിയിലുള്ള ദീർഘദൂരപാതകൾ നിരന്തരം പണിയുകയും അതിലൂടെ അതിവേഗം കുതിക്കുകയും ചെയ്യുന്ന മലയാളിയുടെ സങ്കൽപ്പമാണ് കേരളത്തിലും അതേ വികസനം വേണമെന്നത്. അതുകൊണ്ടുതന്നെയാണ് എത്ര എതിർപ്പുണ്ടായാലും കേരളം മരുഭൂമിയോ മനുഷ്യവാസമില്ലാത്ത ഉത്തരേന്ത്യൻ സംസ്ഥാനമോ അല്ല എന്നറിഞ്ഞിട്ടും അതിവേഗപാതയ്ക്കും എക്സ്പ്രസ് വേയ്ക്ക് സമാനമായ ദേശീയപാതയ്ക്കും ഇവർ ഇപ്പോഴും തിടുക്കം കൂട്ടുന്നത്.

വികസനമാണോ നിലനിൽപ്പിന്റെ പ്രതിസന്ധിയാണോ നാം നേരിടുന്നതെന്ന് ഈ പഠനകോൺഗ്രസ് എത്രമാത്രം ചർച്ചചെയ്തു എന്ന് കാണേണ്ടതുണ്ട്. ദേശീയതലത്തിൽ തീവ്രഹിന്ദുത്വം സൃഷ്ടിക്കുന്ന ക്രൂരവും അസഹിഷ്ണുതാപൂർവവുമായ ഭരണവും കോർപ്പറേറ്റ് ഭരണവും മറ്റെന്ത് പ്രശ്നമുണ്ടായാലും സി.പി.എം പോലുള്ള ഇടതുപ്രസ്ഥാനങ്ങളുടെ സാധ്യതകൾ വീണ്ടും വേണ്ടുവോളം തുറന്നിടുന്നുണ്ട്. അതുകൊണ്ടുകൂടിയാണ് പ്രതിപക്ഷത്തിന്റെ യാതൊരു ഗുണവും കാട്ടാതെ ചട്ടപ്പടിസമരവുമായി നടന്നിരുന്ന ഇടതുപക്ഷത്തിന് ഇത്തവണത്തെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ മേൽക്കൈ കിട്ടിയത്. അല്ലാതെ ഉമ്മൻചാണ്ടിഭരണത്തിന്റെ അഴിമതിയും കെടുകാര്യസ്ഥതയും കണ്ട് സി.പി.എമ്മിനെ കെട്ടിപ്പിടിച്ചതൊന്നുമല്ല. സി.പി.എമ്മിന്റെ പിടിപ്പുകേടുകളെയും നയവ്യതിയാനങ്ങളെയും നിരന്തരം തുറന്നുകാട്ടിയവരെപ്പോലും സി.പി.എമ്മിലേക്ക് ചായാൻ പ്രേരിപ്പിക്കുന്നതാണ് പുതിയകാലം. പാർട്ടിയിൽനിന്ന് അകന്നുമാറി നാട്ടിലെങ്ങും ഉയർന്നുവരുന്ന പുതുജനകീയ സമരങ്ങളിലും ചുംബനസമരത്തിലുമൊക്കെ സജീവമായിരുന്നവരും ഇടതുപക്ഷത്തിനുവേണ്ടി സംസാരിച്ചുതുടങ്ങിയകാലം. പാർട്ടിക്കെതിരെ വീണ്ടുവീണ്ടും വിമർശനങ്ങളുയരുമ്പോൾ അത്തരക്കാർ പറഞ്ഞത് പാർട്ടി തെറ്റ് മനസിലാക്കി പുതിയ സാഹചര്യത്തിൽ തിരുത്തൽവരുത്തുമെന്നാണ്. ഇത്തരക്കാരെ മൊത്തത്തിൽ നിരാശരാക്കുന്നു സി.പി.എമ്മിന്റെ നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്.

ആധുനിക ശാസ്ത്രത്തിന്റെ ഒരു പ്രശ്നം അതിന് സമഗ്രത നഷ്ടമാവുകയും അതുവഴി ആത്മാവ് ഇല്ലാതാകുകയും ചെയ്തു എന്നതാണ്. ആധുനിക വൈദ്യശാസ്ത്രംതന്നെയാണ് അതിന് ഉത്തരമോദാഹരണം. കണ്ണിന് കണ്ണിന്റെ ഡോക്ടറും കൈക്ക് വേറെ ഡോക്ടറും ഹൃദയത്തിന് വേറെ ഡോക്ടറുമടക്കം ഒരു ശരീര ചികിത്സയ്ക്കുതന്നെ നൂറുകണക്കിന് ഡിപ്പാർട്ട്മെന്റുകളാണ് മെഡിസിൻ സ്പെഷ്യലൈസേഷൻ. ഓരോന്നിലും കൂടുതൽ ആഴത്തിലുള്ള പഠനമുണ്ടാകുകയും കാര്യങ്ങളിൽ സൂക്ഷ്മത ഉണ്ടാകുമെങ്കിലും മനുഷ്യനെ മൊത്തത്തിൽ കണ്ട് ചികിത്സനടക്കാതെ വരുന്നത് വലിയ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. അതേപോലെയാണ് പഠനകോൺഗ്രസിലെ വ്യത്യസ്ത പേപ്പറുകൾ കാണുമ്പോൾ തോന്നുന്നത്. എല്ലാം ഒന്നിനോടൊന്ന് ബന്ധപ്പെട്ടാണ് കിടക്കുന്നത്. അതിന് പകരം ഒരു റിപ്പോർട്ടും മറ്റൊന്നുമായി യോജിച്ചുപോകാതെ വ്യത്യസ്തസമീപനം പുലർത്തുന്നു. ഓരോന്നും വേർപെട്ട് കാണുമ്പോൾ ഒരു പേപ്പർ മറ്റൊരു പേപ്പറിലെ നിലപാടിനെ ഖണ്ഡിക്കാനാണ് സാധ്യത.

പരിസ്ഥിതിയെക്കുറിച്ചുള്ള ഭാഗത്തെ ഒരു കുറിപ്പോടെതന്നെ ഈ സംശയം അവതരിപ്പിച്ചവസാനിപ്പിക്കാമെന്ന് തോന്നുന്നു.

“സുസ്ഥിരവും പുരോഗമനോന്മുഖവുമായ ഒരു സമൂഹനിർമിതിക്ക് ആവശ്യമായ പൊതുദർശനത്തിന് പകരം ഹ്രസ്വകാല താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന സമീപനമാണ് ഇന്നത്തെ സർക്കാർ സ്വീകരിച്ചുവരുന്നത്. തന്മൂലം നിയമങ്ങളും ചട്ടങ്ങളും മാറ്റിവെക്കപ്പെടുകയും ചുരുക്കം ചിലരുടെ ലാഭത്തിനായി മറ്റുള്ളവർ ദുരിതങ്ങൾ ഏറ്റ് വാങ്ങേണ്ടി വരികയും ചെയ്യുന്നു. വിശാലവീക്ഷണത്തോടെയും ജനങ്ങളെ ഒന്നിപ്പിച്ചും ഒരു നല്ല ലോകം കെട്ടിപ്പടുക്കുന്നതിന് പകരം ഏതാനും പേരുടെ സമ്മർദ്ദത്തിന് വഴങ്ങി പൊതുനന്മയെ കുരുതി കൊടുക്കുന്നു...” ഇന്നത്തെ സർക്കാർ എന്ന സൂചനയ്ക്കുപകരം എന്നത്തെയും സർക്കാർ എന്ന് ചേർത്തിരുന്നെങ്കിൽ അർത്ഥം പൂർണമായേനെ. ■